## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3413 | | | 14.10.2011ൽ മറുപടിയ്ക്ക് |
|---|---|---|---|
| അമ്പലപ്പുഴ മണ്ഡലത്തിലെ അംഗൻ വാടികൾ | | | |
| ചോദ്യം | | | ഉത്തരം |
| ശ്രീ. ജി. സുധാകരൻ | | | ഡോ. എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) | അമ്പലപ്പുഴ മണ്ഡലത്തിൽ നിലവിൽ എത്ര അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്; | (എ) | 227 അംഗൻവാടികൾ പ്രവർത്തിച്ചു വരുന്നു. |
| (ബി) | ഇവയിൽ എത്ര എണ്ണത്തിന് സ്വന്തമായി കെട്ടിടങ്ങൾ ഉണ്ട്; | (ബി) | 83 അംഗൻവാടികൾ സ്വന്തം കെട്ടിടങ്ങളിൽ പ്രവർത്തിച്ചു വരുന്നു. |
| (സി) | സ്വന്തമായി കെട്ടിടങ്ങൾ ഇല്ലാത്ത അംഗൻവാടികൾക്ക് കെട്ടിടം പണിയാൻ എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത്; | (സി) | അംഗൻവാടി കേന്ദ്രങ്ങൾ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങൾ ആകയാൽ അവയ്ക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നത് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളാണ്. |
| (ഡി) | അമ്പലപ്പുഴ മണ്ഡലത്തിൽ പുതിയ അംഗൻവാടികൾ ആരംഭിക്കുന്നതിനുള്ള അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (ഡി) | അപേക്ഷ ലഭിച്ചിട്ടുണ്ട്. എന്നാൽ പുതിയ അംഗൻവാടികൾ അനുവദിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

2